തിരോഭാവം

വി. കെ. കെ. രമേഷ്

തിരോഭാവം
വി. കെ. കെ. രമേഷ്
(മലയാളം: ചെറുകഥ)

© 2021, V. K. K. Ramesh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: The times of day: The midday, a painting by Caspar David Friedrich (1774–1840). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

നിഴലോ ഭാവം

1975 സ്വച്ഛസുന്ദരമായ കാലമായിരുന്നോ എന്നു ചോദിച്ചാൽ, എനിക്കൊന്നും പറയാനാവില്ല. ആകാശം പിടിക്കാൻ മുകളിലേയ്ക്കു കയറ്റിവെച്ച മരപ്പെട്ടികൾ അണിതെറ്റി താഴോട്ടു പൊട്ടിച്ചാടുന്ന ശബ്ദം കേട്ട്, രാത്രിനേരങ്ങളിൽ ഞെട്ടിയുണരുമ്പോൾ, മുത്തച്ഛൻ പറയും—"പേടിയ്ക്കണ്ട, ഭൂമികുലുക്കമാണ്." പാടത്ത്, പോലീസുകാരുടെ ബൂട്ടടിശബ്ദം പാഞ്ഞുപോകുന്നതാണ്. മുത്തച്ഛൻ പറയില്ല, കുട്ടിയായ ഞാൻ പേടിക്കേണ്ടെന്നു കരുതിയിട്ടാണ്. വടക്കേ ജനൽ തുറന്നില്ലെങ്കിൽപ്പോലും പുറത്തെ ശബ്ദങ്ങൾ അകത്തേയ്ക്കു കയറിവരും. രാത്രിയായാലും പകലായാലും. ജനലിനപ്പുറം പാടങ്ങളാണ്. കർക്കിടകത്തിൽ മഴത്തുള്ളികളും, ധനുവിൽ മഞ്ഞും, കുംഭത്തിൽ കുടമിട്ടുരുട്ടാൻപോന്ന കാറ്റും പാടം കടന്നുവന്ന് ജനലിൽ മുട്ടിവിളിക്കും. കളിക്കാൻ വിളിക്കുന്നതാണ്. കൃഷിനോക്കാൻ മുത്തച്ഛന്റെ കൂടെ ഞാനെന്നും പോകും. ചതുരക്കട്ടുകൾ ചേർത്തു വെച്ചതുപോലെ, ദൂരം പിടിക്കാനോടുന്ന കൊച്ചുപാടങ്ങളായിരുന്നു ഞങ്ങളുടേത്. പടിഞ്ഞാറുനോക്കി അതങ്ങനെ പുഴവരെ നീണ്ടുചെരിഞ്ഞുകിടക്കും. പരന്ന പച്ചയ്ക്കിടയിൽ വരച്ചുവെച്ച ചതുരങ്ങൾപോലെ കിടക്കുന്ന വരമ്പുകളിലൂടെ മുത്തച്ഛന്റെ പിന്നിൽ നടക്കുമ്പോൾ, തവളക്കുട്ടികളും മീൻപൊടിപ്പുകളും വരമ്പിലെ ഞണ്ടുകളുമൊക്കെ സൂത്രത്തിൽ കോക്രി കാട്ടി കളിക്കാൻ വിളിക്കും.

പുലരി കുങ്കുമമെടുത്ത് കിഴക്കൻ കുന്നുകളിൽ പുരട്ടുമ്പോൾ, ഞാനും മുത്തച്ഛനും വരമ്പിൽ കാലുവെച്ചിട്ടുണ്ടാവും. കരിമേഘം കുങ്കുമം മായ്ച്ചുകളയുന്ന മഴക്കാലങ്ങളിലും ഞങ്ങളുടെ യാത്രാസമയത്തിൽ മാറ്റമില്ല. മിഥുനത്തിലൊക്കെ തോരാമഴ പട്ടുകുടയ്ക്കു മുകളിൽ പടക്കം പൊട്ടിച്ചു കളിക്കും. കൊച്ചു പട്ടുകുടയാണ് എന്റേത്. മുന്നിൽ നടക്കുന്ന മുത്തച്ഛന്റെ കുട തെറിപ്പിക്കുന്ന വെള്ളം, മലരിയിൽനിന്നും പൊട്ടിത്തെറിക്കുന്ന തുള്ളികളേപ്പോലെ മുന്നിൽ ചിതറിവീഴുന്നതും കണ്ട് ഞാനങ്ങനെ നടക്കും.

പാടംചുറ്റി തിരിച്ചെത്തി, മുത്തശ്ശി വിളമ്പുന്ന കഞ്ഞി കുടിച്ചുകഴിഞ്ഞാൽ, പോലീസ് സ്റ്റേഷനിലേയ്ക്കുള്ള യാത്രയാണ്. "അവനേപ്പറ്റി വിവരം വല്ലതുമുണ്ടോ?" മുത്തച്ഛൻ ചോദിക്കും. രാമൻനായരുപോലീസുപോലും വിഷമത്തിലാവും. "ഇല്ലല്ലോ കാരണോരേ."

മകനെ കാണാനില്ലെന്ന തന്റെ പരാതിയുടെ പിൻബലത്തിലാണ് മുത്തച്ഛൻ അവിടെയെന്നും എത്തിയിരുന്നത്. അവരെ സംബന്ധിച്ചിടത്തോളം അച്ഛൻ ഒരു പിടികിട്ടാപ്പുള്ളിയാണ്. രണ്ടുപേർക്കും രണ്ടു രീതിയിൽ അച്ഛനെ ആവശ്യമായിരുന്നു. പിടിക്കപ്പെടുന്നതോടെ പിന്നീടൊരിക്കലും തിരിച്ചുകിട്ടാത്തവിധം സ്വന്തം മകൻ തനിക്കു നഷ്ടപ്പെടുമെന്നു മനസ്സിലാക്കാനുള്ള രാഷ്ട്രീയബോധമൊന്നും മുത്തച്ഛനില്ലായിരുന്നു. മാത്രവുമല്ല, കിട്ടിയാൽത്തന്നെ കൈകാര്യം ചെയ്യുന്നത്, ക്രൈംബ്രാഞ്ചുകാരായിരിക്കും.

"അമ്മയില്ലാത്ത കുട്ടിയാണ്." എന്റെ കുട്ടിത്തലയിൽ തലോടിക്കൊണ്ട് മുത്തച്ഛൻ പറയും.

"കണ്ടുകിട്ടിയാൽ അറിയിക്കാം ട്ടോ കാരണോരെ." രാമൻനായരുപോലീസ് സമാധാനിപ്പിക്കും.

ഒരുവട്ടം തിരിച്ചു നടക്കുമ്പോൾ, രാമൻനായർ മറ്റൊരു കോൺസ്റ്റബിളിനോടായി പറയുന്നതു കേട്ടു.

"മിസയ്ക്ക് രണ്ടാം ഭേദഗതി ഓർഡിനൻസും ഇറങ്ങി, ഇനിയെന്തു രക്ഷ?" മടക്കയാത്രയിൽ, രാശുചെട്ട്യാരുടെ കടയിൽനിന്നും എനിക്കൊരു കോലുമിട്ടായി കിട്ടി. അമ്മയില്ലാത്ത കുട്ടികൾക്ക് എവിടെപ്പോയാലും മധുരമാണ്!

തിരിച്ചുനടക്കുമ്പോൾ, അച്ഛനെ ഓർമ്മവന്നു. അച്ഛന് നല്ല ഭംഗിയുള്ള പല്ലുകളാണുള്ളത്. ഇരുട്ടിലും തിളങ്ങും. ഉറക്കത്തിനിടയിൽ ഉണർത്തിവിളിക്കുകയാണ് എപ്പോഴും പതിവ്. കണ്ണുതുറന്നാൽ, ആദ്യമേതന്നെ ചിരിക്കുന്ന പല്ലുകളാണ് കണ്ണിൽപ്പെടുക. ഉമ്മ കിട്ടുമ്പോൾ, പല്ലുവന്ന് കവിളിൽകൊള്ളും. നല്ല സുഖമാണ്. അടുത്തുകിടക്കും. പള്ളിക്കൂടത്തിലെ വിശേഷങ്ങൾ ചോദിക്കും. ഉറക്കിക്കിടത്തി, രാത്രിയിലെപ്പോഴോ തിരിച്ചുപോവുകയുംചെയ്യും. പിറ്റേന്നുണരുമ്പോൾ, നടന്നത് സ്വപ്നമായിരുന്നോ എന്നു സംശയം വരും. സ്മരണയിൽ നിന്നും പല്ലുകൾ മാഞ്ഞുപോകില്ല. ചിലപ്പോൾ, കവിളിൽ പിൻനിലാവുപോലെ അതിന്റെ പാടു കാണാം. പാടത്തേയ്ക്കിറങ്ങിയപ്പോൾ, തലേന്നു രാത്രിയിലെ 'ഭൂകമ്പ'ത്തിൽ വരമ്പിളകിക്കിടക്കുന്നതു കണ്ടു. ബൂട്ടടിപ്പാടുകളാണെങ്കും. വരമ്പിന്റെ വശങ്ങളിൽ അങ്ങിങ്ങ് പൊട്ടിയിട്ടുണ്ട്.

"മുത്തശ്ശാ," ഞാൻ വിളിച്ചു, "അച്ഛനെ കിട്ടിയാൽ പോലീസുകാര് തല്ലോ?" മുത്തച്ഛൻ പരുങ്ങി. പാവം, അങ്ങനെ ആലോചിച്ചിട്ടുപോലുമുണ്ടാവില്ല. മുത്തച്ഛൻ മുന്നിൽ നടക്കുമ്പോൾ, ഞാൻ വരമ്പിൽ നിന്നും കിട്ടിയ ഈർക്കിലിയെടുത്ത് ഞണ്ടിന്റെ പോട്ടിലേക്കു താഴ്ത്തി. ഞണ്ട് അതിലെങ്ങാൻ കയറിപ്പിടിച്ചാൽ, പൊക്കിയെടുത്ത് വെളിയിലിടും.

"ഞണ്ടേ, ഞണ്ടേ നിന്നുടെയുള്ളിൽ" എന്നു പാടാമല്ലോ, നല്ല രസമാ.

പെട്ടെന്ന്, അവിടെനിന്നും എനിക്കൊരു പല്ലു കിട്ടി. തിളങ്ങുന്ന പല്ല്! "മുത്തശ്ശാ..." ഞാൻ വിളിച്ചു. പിന്നീടൊന്നും പറയാൻ എനിക്കായില്ല, ഞാനൊന്നും പറഞ്ഞതുമില്ല.

സ്വന്തം മകൻ എന്തുപറ്റിയെന്ന് അറിയാതെതന്നെയാണ് മുത്തച്ഛൻ ഭൂമിവിട്ടത്, ഏറെ വൈകാതെ മുത്തശ്ശി ഭ്രാന്തിന്റെ ചിത്രപ്പട്ടിലുമായി. എന്റെ മരണശേഷം, ആരും കാണാത്ത പല്ലുപോലെ ആ രഹസ്യം ചരിത്രത്തിൽപ്പെടാതെ തിരോഭവിക്കും, തീർച്ച.

□

വി. കെ. കെ. രമേഷ്

1969-ൽ തമിഴ്നാട്ടിൽ ജനനം. ആദ്യ ഭാഷ തമിഴ്. പഠിച്ചതും വളർന്നതും തിരുവില്വാമലയിൽ. 4 പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. 'ഹ ഈസ് അഫ്റൈഡ് ഓഫ് വി. കെ. എൻ.' എന്ന ആദ്യ പുസ്തകത്തിന് 2018-ലെ ഹാസ്യ സാഹിത്യത്തിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. നിരവധി റേഡിയോ നാടകങ്ങളും സ്കിറ്റുകളും രചിച്ചിട്ടുണ്ട്. ആകാശവാണി ഡ്രാമാ ബി. ഗ്രേഡ് ആർട്ടിസ്റ്റ്. ടെലിവിഷൻ സ്കിറ്റുകളിൽ അഭിനയിച്ചിട്ടുണ്ട്. വി. കെ. എൻ. അമ്മാമനാണ്. തിരുവില്വാമലയിൽ സ്ഥിരതാമസം.

ഭാര്യ: ജ്യോതി
മക്കൾ: ബ്രഹ്മദത്തൻ, നിരഞ്ജന

കലിഗ്രഫി: എൻ. ഭട്ടതിരി
ചിത്രീകരണം: വി. പി. സുനിൽകുമാർ

RIVER VALLEY
DIGITAL LIBARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014